# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെണ്മണി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.5/120/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെണ്മണി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.5/120/2023 തീയ്യതി: 23/03/2023

# ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-01-2023 | 27-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-01-2023 | 27-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഫമിൻ. എസ്സ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ് കുമാർ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ കുമാർ.ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. സുനിമോൾ.റ്റി.സി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സ്നേഹജ ഗ്ലോറി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശുഭജിത്ത് | കൃഷി ഓഫിസർ | 01-04-2021 | 31-03-2022 |
| ഡോ.ഫാത്തിമ റഹിം | വെറ്ററിനറി സർജൻ | 01-04-2021 | 22-02-2022 |
| ഡോ.സ്മിത | വെറ്ററിനറി സർജൻ | 23-02-2022 | 31-03-2022 |
| ശ്രീമതി. രഞ്ജു രാധാകൃഷ്ണൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. അന്ന അശോകൻ | മെഡിക്കൽ ഓഫിസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.പ്രജീഷ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.അമ്പിളി | മെഡിക്കൽ ഓഫിസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.അനിൽകുമാർ | അസിസ്റ്റന്റ് എൻജിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രവീൺ.റ്റി.ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി കൃഷ്ണ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി ജ്യോതി. എസ് | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി രാജിമോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീലത | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 26-10-2021 |
| ശ്രീ.ഷാജി. കെ.എം. | ഹെഡ് മാസ്റ്റർ | 27-10-2021 | 06-12-2021 |
| ശ്രീമതി.ബിന്ദു.വി | ഹെഡ്മിസ്ട്രസ്സ് | 07-12-2021 | 31-03-2022 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത | 1-10 |
| 12 | തൊഴിൽ നികുതി സംബന്ധമായ അപാകതകൾ | 1-11 |
| 13 | ട്രേഡേഴ്സ് ലിസ്റ്റ് പരിഷ്കരിച്ചില്ല, വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണത്തിൽ അവ്യക്തത | 1-12 |
| 14 | വാടക പിരിവിൽ കൃത്യതയില്ല , അരിയർ ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-13 |
| 15 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ യന്ത്ര ഫീസ് ഈടാക്കിയില്ല | 1-14 |
| 16 | ക്രമീകരിക്കുവാൻ ശേഷിക്കുന്ന മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 1-15 |
| 17 | ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്ന വിവിധ ഫണ്ടുകൾ യഥാസമയം വിനിയോഗിക്കപ്പെടുന്നില്ല. | 1-16 |
| 18 | ഘടകസ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾ -ഹെഡ്മാസ്റ്റർക്ക് അനുവദിച്ച 14284 രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-17 |
| 19 | സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകൾ - മുൻകൂർ , നിക്ഷേപ പ്രവൃത്തികൾ - 43.19 ലക്ഷം രൂപയുടെ ധനവിനിയോഗ വിവരം ലഭ്യമല്ല | 1-18 |
| 20 | ഒരേ ഇനം പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കുകൾ നൽകി- 10551/-രൂപ നഷ്ടം | 1-19 |
| 21 | പള്ളിപ്പടി-അയ്യപ്പൻകാല പടി റോഡ് റി-ടാറിംഗ്-കരാർ യഥാസമയം ചമച്ചിട്ടില്ല, ഫൈൻ ഈടാക്കിയിട്ടുമില്ല | 1-20 |
| 22 | കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി - ക്വട്ടേഷനില്ലാതെ പ്രവൃത്തിനിർവ്വഹണം, ആദായനികുതി കുറവ് ചെയ്തില്ല | 1-21 |
| 23 | കന്നു കുട്ടിപരിപാലനം - പദ്ധതിയുടെ പുരോഗതി ലഭ്യമാക്കിയില്ല | 1-22 |

| | | |
|---|---|---|
| 24 | ലൈഫ് പദ്ധതി- വീടുകളുടെ പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. | 1-23 |
| 25 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം - പ്രോജക്ട് നടപ്പാക്കിയില്ല | 1-24 |
| 26 | ലൈഫ് പദ്ധതി -അവലോകനം | 1-25 |
| 27 | തൊഴിലുറപ്പ് പദ്ധതി-ഒരു അവലോകനം | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റി കോൺക്രീറ്റിംഗിന് അധികനിരക്ക് അനുവദിച്ചു,10551/-രൂപ കരാറുകാരന് അധികം നൽകി | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 23-02-2021 ലെ കമ്മറ്റി തീരുമാനം നം.1(1)പ്രകാരം അംഗീകരിച്ചു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 148607684 | 148129637 |
| വാർഷിക കണക്ക് (ഐ&ഇ സ്റ്റേറ്റ്മെന്റ് )പ്രകാരം | 154717928 | 163716528 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രികലഭിച്ച തീയതി |
|---|---|
| 31.7.2022 | 28.05.2022 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തൻവർഷം മുൻകൂറായി 1,57,240/- രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പ്രോജക്ട് നം.98/21 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഷെഡ്യൂൾ ബി-18 പ്രകാരം ഈ തുക അഡ്വാൻസായി ഉൾപ്പെടുത്തിയിട്ടില്ല.

2.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഉൾപ്പെടുന്നതും വിവിധ ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും മുൻകൂറായി നൽകിയതുമായ തുകയിൽ 43,18,867 /- രൂപയുടെ ധനവിനിയോഗ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. മുൻകൂറായി അവശേഷിക്കുന്ന ഈ തുക രജിസ്റ്ററിൽ ചേർക്കുയോ ആസ്തിയായി ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടുമില്ല

3. 31-03-2021 – ൽ റെസിഡൻഷ്യൽ ബിൽഡിംഗ് (കറന്റ്)-86571/-രൂപ , റെസിഡൻഷ്യൽ ബിൽഡിംഗ് (കുടിശ്ശിക) -113625/-രൂപ എന്നിങ്ങനെ ആകെ കെട്ടിട നികുതി റസിഡൻഷ്യൽ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നത് 2,00,196/-രൂപയാണ്(ബാലൻസ് ഷീറ്റ്-2020-21). എന്നാൽ 2021-22 വർഷത്തെ ആർ.പി. സ്റ്റേറ്റ്മെന്റ് (RP-43) പ്രകാരം തൻവർഷം 2,05,439/- രൂപ കുടിശ്ശിക കളക്റ്റ് ചെയ്തതായും ബാലൻസ് ഷീറ്റ് 2021-22 പ്രകാരം 31214 /- രൂപ കൂടി പിരിച്ചെടുക്കുവാൻ ശേഷിക്കുന്നതായും കാണുന്നു. കുടിശ്ശിക ഡിമാന്റിലെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

4. 31-03-2021 – ൽ നോൺ റെസിഡൻഷ്യൽ ബിൽഡിംഗ് (കറന്റ്)-102540/-രൂപ , നോൺ റെസിഡൻഷ്യൽ ബിൽഡിംഗ് (കുടിശ്ശിക) -177714/-രൂപ എന്നിങ്ങനെ ആകെ കെട്ടിട നികുതി പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നത് 280254/-രൂപയാണ്(ബാലൻസ് ഷീറ്റ്-2020-21). എന്നാൽ 2021-22 വർഷത്തെ ആർ.പി. സ്റ്റേറ്റ്മെന്റ് (RP-43) പ്രകാരം തൻവർഷം 240527/- രൂപ കളക്റ്റ് ചെയ്തതായും ബാലൻസ് ഷീറ്റ് 2021-22 പ്രകാരം 158668/- രൂപ കൂടി പിരിച്ചെടുക്കുവാൻ ശേഷിക്കുന്നതായും കാണുന്നു. മുൻവർഷത്തെ എ.എഫ്.എസ്സുമായുള്ള വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

5. പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്) ന്റെ വാർഷിക ധനകാര്യ പത്രികയിലെ കണക്കും രജിസ്റ്റർ പ്രകാരമുള്ള കണക്കുകളും തമ്മിൽ താഴെപ്പറയും പ്രകാരം വ്യത്യാസം കാണുന്നു

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 305490 | 305490 | NIL |
| എ.എഫ്.എസ്സ് പ്രകാരം | 305490 | 476750 (അഡ്വാൻസ് 215910/-രൂപ ഉൾപ്പടെ) | Nil |

എ.എഫ്.എസ്സിലെ തനതു വരുമാനങ്ങളുടെ കണക്കും ഡിമാന്റ് രജിസ്റ്ററുകളിലെ കണക്കുകളുമായി വ്യത്യാസം നിലനിൽക്കുന്നതിനാൽ, കൃത്യത ബോധ്യപ്പെട്ടിട്ടില്ല. മേൽപ്പറഞ്ഞ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.3 തീയതി.24-01-2023) മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7689624 |
| വരവ് | 74409770 |
| ആകെ | 82099394 |
| ചെലവ് | 77925174 |
| നീക്കിയിരിപ്പ് | 4174220 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10551 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4371294 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11966597 | 11966597 | 11812691 | 153906 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8245172 | 8245172 | 7886245 | 358927 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 20210400 | 20210400 | 11779395 | 8431005 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4879196 | 4879196 | 3973284 | 905912 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 2737914 | 2737914 | 2271490 | 466424 (ബാങ്ക്-115776) |
| പെർഫോമൻസ് ഗ്രാന്റ് (ടൈഡ്) | 0 | 7133485 | 7133485 | 3354590 | 3778895 (ബാങ്ക്- 1668851 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 188 | 86203907 | 141 | 59664830 | 3 | 44 | 76.59 |

## 1-6 തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2021-22

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6124 | 588818 | 594942 | 594504 | 438 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 31326483 | 31326483 | 31326483 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4075300 | 246 |
| വിധവാപെൻഷൻ | 13412300 | 904 |
| വാർദ്ധക്യകാലപെൻഷൻ | 33154600 | 2358 |
| വികലാംഗപെൻഷൻ | 4536600 | 287 |
| അവിവാഹിത പെൻഷൻ | 760600 | 46 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 24.01.2023 ന് നടത്തുകയുണ്ടായി. പരിശോധനയിൽ 12496/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനുമുള്ള ചുമതലകൾ നിക്ഷിപ്തമായിട്ടുള്ള ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ കാര്യമായ മേൽനോട്ടം നടത്തിയിരുന്നില്ല. ഓഫീസ് ആവശ്യത്തിന് വാങ്ങുന്ന സ്റ്റേഷനറി സാധനങ്ങൾ, ടെന്റർ ഫോം സ്റ്റോക്ക്-വിതരണ രജിസ്റ്ററുകൾ, വിലയ്ക്ക് നൽകുന്ന ഫാറങ്ങൾ, നോട്ടീസുകൾ മുതലായവയുടെ സ്റ്റോക്ക് വിതരണ വിവരം കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ രജിസ്റ്ററിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴയതും പുതിയതുമായ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. . ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതി തയ്യാറാക്കുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത

ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വിവിധ നമ്പരുകളുള്ള 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ ഒറ്റ യൂണിറ്റായി പരിഗണിക്കാതെ 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടത്തിന് ബാധകമായ ച.മീറ്ററിന് 50/- രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | വാർഡ്, കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | 2013 ൽ നിലവിലുണ്ടായിരുന്ന വസ്തുനികുതി | നിർണ്ണയിക്കേണ്ട പുതുക്കിയ വസ്തുനികുതി |
|---|---|---|---|---|---|
| 1. | XII/379 | 16 | 800 | 605 | 1210 |
| | XII/380 | 16 | 800 | 605 | 1210 |
| | XII/381 | 16 | 800 | 605 | 1210 |
| | XII/382 | 16 | 800 | 605 | 1210 |
| | XII/382A | 16 | 800 | 605 | 1210 |
| | XII/382B | 16 | 800 | 605 | 1210 |
| | XII/382C | 16 | 800 | 605 | 1210 |
| ആകെ വിസ്തീർണ്ണം - 112 ച.മീ., നികുതി ,പ്രാബല്യം - 2013 ഒന്നാം അർദ്ധവർഷം | | | | | |
| 2. | XIV/395 | 11.89 | 1004 | 803 | 1606 |

| | | | | |
|---|---|---|---|---|
| XIV/396 | 11.26 | 950 | 760 | 1520 |
| XIV/397 | 13.94 | 1177 | 941 | 1882 |
| XIV/398 | 80 | 7187 | 6052 | 12104 |
| ആകെ വിസ്തീർണ്ണം - 117.09 ച .മീ., പ്രാബല്യം - 2013 ഒന്നാം അർദ്ധവർഷം | | | | |

വിവിധ നമ്പരുകളുള്ള 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള മേൽ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിന് പകരം (ച.മീറ്ററിന് 70/- രൂപ) 100 ച.മീറ്ററിന് താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ (50/ച.മീ.) വസ്തുനികുതി നിർണ്ണയിച്ചതുവഴി നികുതി വരവിനത്തിൽ കുറവുണ്ടായി. മേൽ കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 70/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നു. മേൽ കെട്ടിടങ്ങൾ 2013 ൽ നിലവിലുണ്ടായിരുന്നതിനാൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം വസ്തുനികുതി പരിഷ്കരിക്കുമ്പോൾ നിലവിലുള്ള വസ്തുനികുതിയുടെ 100% വർദ്ധനവ് വരുത്താമെന്നിരിക്കെ അപ്രകാരം വർദ്ധനവ് വരുത്തിയിട്ടില്ല.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/27.01.2023) മറുപടി ലഭ്യമാക്കിയില്ല. കൂടുതൽ പരിശോധന നടത്തി ഇത്തരം കെട്ടിടങ്ങളെ കണ്ടെത്തി നികുതി പുനർനിർണ്ണയിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി സംബന്ധമായ അപാകതകൾ

1)തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായ തൊഴിൽനികുതി (ഒന്നാം അർദ്ധ വർഷം ) ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | ജീവനക്കാരുടെ പേര് /സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|
| 1 | ജീന ജോസ്, പി.റ്റി.എസ് (K.S.F.E, വെൺമണി) | 113832/- | 750/- | 1000/- |
| 2 | ജിബിൻ ജോർജ്ജ്, ബ്രാഞ്ച് കോൾസ് മാനേജർ(ആക്സിസ് ബാങ്ക്) | 77200/- | 600/- | 750/- |

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/27.1.2023) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക (500/-) ഈടാക്കി അറിയിക്കേണ്ടതാണ്.

2)താഴെപ്പറയുന്ന ധനകാര്യസ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഓഡിറ്റ് വർഷം ഈടാക്കിയില്ല.

(I)ആക്സിസ് ബാങ്ക് (ഒന്നാം അർദ്ധ വർഷം )

(Ii)കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (രണ്ടാം അർദ്ധ വർഷം )

(Iii)കൊശമറ്റം(രണ്ടാം അർദ്ധ വർഷം )

(Iv)ചെങ്ങന്നൂർ നിധി/എ.ആർ.ടി ലീസിംഗ്, വെൺമണി (രണ്ടാം അർദ്ധ വർഷം )

(V)ചെങ്ങന്നൂർ നിധി/എ.ആർ.ടി ലീസിംഗ്, പുന്തല (ഒന്നാം അർദ്ധ വർഷം )

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/27.1.2023) മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 ട്രേഡ്സ് ലിസ്റ്റ് പരിഷ്കരിച്ചില്ല, വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണത്തിൽ അവ്യക്തത

പഞ്ചായത്തിൽ യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേയും കെട്ടിടങ്ങളുടേയും വിവരങ്ങൾക്ക് പകരം ഹാജരാക്കിയ ട്രേഡ്സ് ലിസ്റ്റിൽ ഒഴിഞ്ഞ് കിടക്കുന്ന വാണിജ്യ കെട്ടിടങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഏതെല്ലാം കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു, ഏതെല്ലാം കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നു തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.

പഞ്ചായത്ത് തയ്യാറാക്കിയ 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 522 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 243 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പല കെട്ടിടങ്ങളുടേയും കെട്ടിട നമ്പർ തെറ്റായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് (ഉദാ. VII/286, XV/389). കൂടാതെ റേഷൻ കടകൾ, കള്ള് ഷാപ്പുകൾ മാവേലി സ്റ്റോർ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/27.1.23) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങളുടേയും വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ക്രോഡീകരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് ആധികാരികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 വാടക പിരിവിൽ കൃത്യതയില്ല , അരിയർ ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിൽ മുൻ വർഷങ്ങളിലെ അരിയർ 223948/- രൂപ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നെങ്കിലും ടി തുക അരിയർ ഡിമാന്റായി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷം ലഭിച്ച വാടക തന്നെ ഡിമാന്റും കളക്ഷനുമായി രേഖപ്പെടുത്തി ബാലൻസ് ലഭിക്കാനില്ലായെന്ന ഡി.സി.ബി കണക്കാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തയ്യാറാക്കിയ ഡി.സി.ബി കണക്ക് കൃത്യമല്ല. ഉദാഹരണമായി വെൺമണി ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ 8 പ്രതിമാസം 4244/- രൂപ നിരക്കിൽ സാദിഖ്, ഷീന മൻസിൽ, വെൺമണി എന്ന വ്യക്തിക്ക് വാടകയ്ക്ക് നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തൻവർഷം ടി കടമുറിയിൽ നിന്നും വാടകയൊന്നും ലഭിച്ചില്ല. ടി തുക ഡിമാന്റിൽ ഉൾപ്പെടുത്തുകയോ തൻവർഷ കുടിശ്ശികയായി ബാലൻസ് ഷീറ്റിലും രജിസ്റ്ററിലും ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതിൽ നിന്നും യഥാർത്ഥ ഡിമാന്റ് കണക്കാക്കാതെ ലഭിച്ച വാടക തന്നെ ഡിമാന്റും കളക്ഷനുമായി രേഖപ്പെടുത്തിയതായി ഓഡിറ്റിൽ വിലയിരുത്തുന്നു.

പാറച്ചന്ത ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 3, 4 എന്നീ കടമുറികൾ ഓഡിറ്റ് വർഷം ഒഴിഞ്ഞ് കിടന്നിരുന്നു. എന്നാൽ ടി കടമുറികൾ തൻവർഷം ലേലത്തിൽ നൽകിയതായി ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതയിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/24.1.2023) മറുപടി ലഭ്യമാക്കിയില്ല. അരിയർ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി ഡി.സി.ബി കണക്കുകൾ (അരിയർ & കറണ്ട്) കൃത്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ യന്ത്ര ഫീസ് ഈടാക്കിയില്ല

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ലൈസൻസ് ചട്ടങ്ങൾ ചട്ടം 18, ചട്ടം 19 പട്ടിക III പ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഇപ്രകാരം മോട്ടോർ ഫീസ് ഈടാക്കിയില്ല.

| ക്രമ നം. | കെട്ടിട നം. സ്ഥാപനത്തിന്റെ പേര് | ഉപയോഗം | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ പവർ | ഈടാക്കേണ്ട മോട്ടോർ ഫീസ് |
|---|---|---|---|---|
| 1. | VII/230A, സിമന്റ് ബ്ലോക്ക്, ഇന്റർലോക്ക് | സിമന്റ് ബ്ലോക്ക്, ഇന്റർലോക്ക് | 12 HP | 200 |
| 2. | IX/327A, ജോസ് ഇൻഡസ്ട്രീസ് | വെൽഡിംഗ് വർക് ഷോപ്പ് | 3 HP | 50 |
| 3. | XIV/191, ആതി ഫർണീച്ചർ | ഫർണീച്ചർ വർക് ഷോപ്പ് | 2 HP | 50 |
| 4. | XI?71, സെന്റ് ജോർജ്ജ് എഞ്ചിനീയറിംഗ് വർക്സ് | വെൽഡിംഗ് വർക് ഷോപ്പ് | 3 HP | 50 |
| 5. | XI/357D, ഫ്രണ്ട്സ് ഇലക്ട്രിക്കൽസ് | ഇലക്ട്രിക്കൽ പ്ലംബിംഗ് | , 1 HP | 10 |

| | | | | |
|---|---|---|---|---|
| | | ഇൻസുലേഷൻ ടേപ്പ് നിർമ്മാണം | | |
| 6. | I/72A, വൈഗ അലൂമിനിയം ഫാബ്രിക്കേഷൻസ് | അലൂമിനിയം ഫാബ്രിക്കേഷൻ | 2 HP | 50 |
| 7. | VI/391, അച്ചു ബ്രിക്സ് | സിമന്റ് കട്ട നിർമ്മാണം | 8 HP | 100 |
| 8. | V/481 B, അമൃത ഫ്ലോർ മിൽ | ധാന്യങ്ങൾ പൊടിക്കൽ | 10 HP | 100 |
| 9. | II/3E, ലക്ഷ്മി ടയർ വർക്സ് | ടയർ വർക്സ് | 2 HP | 50 |
| 10. | XII/389 A, കെ.കെ. ഓർഗാനിക് | ജൈവവള നിർമ്മാണവും വിൽപ്പനയും | 12 HP | 200 |
| 11. | XIII/114 C, വി.എം ഇൻഡസ്ട്രീസ് | മെറ്റൽ ക്രഷർ യൂണിറ്റ് | 123 HP(*) | 2000 |
| 12. | VII/173 B, മേലേപ്ലാക്കാട്ടിൽ ഹോസ് റിപ്പയറിംഗ് | ഹോസ് റിപ്പയറിംഗ് യൂണിറ്റ് | 2 HP | 50 |

(*)മോട്ടോർ ഫീസിനത്തിൽ 615/- രൂപ മാത്രമാണ് ഈടാക്കിയത്

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും മേൽ ചട്ട പ്രകാരം ബാധകമായ മോട്ടോർ ഫീസ് ഈടാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ക്രമീകരിക്കുവാൻ ശേഷിക്കുന്ന മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99 പ്രകാരം മുൻകൂർ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. നിയമ പ്രകാരമുള്ള സമയപരിധിയ്ക്കകം മുൻകൂർ ക്രമീകരിക്കുന്നതിനുള്ള രേഖകൾ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ 18% പലിശ കണക്കാക്കി ആയത് സഹിതം തിരികെ ഈടാക്കണമെന്ന് 4/10/11-ലെ ജി.ഒ(പി)419/11/ഫിൻ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം ഫെസ്റ്റിവൽ അഡ്വാൻസായി അനുവദിച്ച 8750/- രൂപ ഓഡിറ്റ് തീയതിയിലും ക്രമീകരിക്കാതെ അവശേഷിക്കുന്നു. തുക തിരികെ ഈടാക്കാത്തത് സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/24.01.2023) മറുപടി ലഭ്യമാക്കിയില്ല. തുക ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്ന വിവിധ ഫണ്ടുകൾ യഥാസമയം വിനിയോഗിക്കപ്പെടുന്നില്ല.

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന് ലഭിച്ച താഴെപ്പറയുന്ന ഗ്രാന്റുകൾ/ഫണ്ടുകൾ വിനിയോഗിക്കാതെ ശേഷിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.ജോയിന്റ് വെൻചർ പ്രോജക്ടുകൾക്കായി മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനെന്ന് രേഖപ്പെടുത്തി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-2 പ്രകാരം 10,000/-രൂപ പഞ്ചായത്തിന്റെ ലയബിലിറ്റി (311200101) ഹെഡ്ഡിൽ കാണിച്ചിരിക്കുന്നു. സാംഖ്യ സോഫ്റ്റ്വെയർ ആരംഭിച്ച 28-02-2013 മുതൽ ഈ തുക മുന്നിരിപ്പായി നിലനിർത്തിയിട്ടുണ്ടെന്നും വിശദാംശങ്ങൾ നിലവിൽ ലഭ്യമല്ലെന്നും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തി നടപടികൾ സ്വീകരിക്കുന്നതാണെന്നും ഇതിനുള്ള എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. ബാധ്യത കണക്ക് വിശദമായി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പൈക്ക പദ്ധതിയ്ക്കായി 3,40,000/-രൂപ നിലവിലും ചെലവഴിക്കാതെ ശേഷിക്കുന്നു. പദ്ധതിക്കായി ലഭിച്ചതും ചെലവഴിക്കാതെ ശേഷിക്കുന്നതുമായ ടി തുക ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ചെലവഴിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 8750/- രൂപ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്തിന് തിരികെ കിട്ടാനുള്ളതായി കാണുന്നു. 3000/-രൂപ വീതം 2019-20 വർഷത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന സീനിയർ ക്ലാർക്ക് ശ്രീ.മനോജ് ബാബുവിനും അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അനിൽകുമാറിൻ നിന്നും ലഭിക്കുവാനുള്ളതാണെന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 2750/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ലായെന്നും അറിയിച്ചിട്ടുണ്ട്. ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് കണ്ടിജന്റ് ചെലവുകൾ എന്നിയ്ക്കായി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 11,73,942/- രൂപ മുൻകൂറായി നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നു. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഉടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഓഡിറ്റ് എൻക്വയറി നം.5 തീയതി 24-01-2023

## 1-17 ഘടകസ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾ -ഹെഡ്മാസ്റ്റർക്ക് അനുവദിച്ച 14284 രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി പ്രോജക്ട് നം 98/22 വഴി മാറിനൽകിയ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് ഹെഡ്മാസ്റ്റർക്ക് അനുവദിച്ച 29240 രൂപയിൽ (ബിൽ റഫ. നം 1145155 തീയതി 17.02.22) 14284 രൂപ പൂന്തല ജെ.ബി.സ്കൂളിന്റെ 2020 മുതലുള്ള വൈദ്യുതി, ടെലിഫോൺ ചാർജ്ജുകൾക്കായാണ് ചെലവഴിച്ചത് എന്ന് സംക്ഷിപ്ത വിവരണത്തിൽ നിന്നു വ്യക്തമാകുന്നു. എന്നാൽ ഈ തുകയുടെ ബിൽ അടക്കമുള്ള ചെലവ് രേഖകളും ലഭ്യമല്ല. ആകയാൽ 14284 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകൾ - മുൻകൂർ , നിക്ഷേപ പ്രവ്വത്തികൾ - 43.19 ലക്ഷം രൂപയുടെ ധനവിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഉൾപ്പെടുന്നതും വിവിധ ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും മുൻകൂറായി നൽകിയതുമായ തുകയിൽ 43,18,867 /- രൂപയുടെ ധനവിനിയോഗ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. മുൻകൂറായി അവശേഷിക്കുന്ന ഈ തുക രജിസ്റ്ററിൽ ചേർക്കുയോ ആസ്തിയായി ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടുമില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

എ) വൈദ്യുതി ലൈൻ വ്യാപനം – 29.33 ലക്ഷം രൂപ

വിവിധ വാർഡുകളിലെ തെരുവ് വൈദ്യുതി ലൈനുകളുടെ ദീർഘിപ്പിക്കലിനായി 29,32,867 രൂപ കെ.എസ്.ഇ.ബിയിൽ കെട്ടിവച്ച് ഒരു വർഷത്തിന് ശേഷവും പ്രവ്വത്തി പൂർത്തിയായതായിട്ടില്ല. പഞ്ചായത്ത് കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചായും കാണുന്നില്ല . ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 2932867 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പണി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം അടിയന്തിരമായി ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് നം – 82/22 -വൈദ്യുതി ലൈൻ വ്യാപനം

അടങ്കൽ – 3077800 രൂപ ( വികസന ഫണ്ട് ജനറൽ – 1077800 രൂപ, ജില്ല പഞ്ചായത്ത് വിഹിതം – 20 ലക്ഷം രൂപ)

ചെലവ്

വികസന ഫണ്ട് – 1065036 രൂപ, (ബിൽ റഫ. നം –100889034 , തീയതി 05.1.2022)

ജില്ല പഞ്ചായത്ത് വിഹിതം – 1867831രൂപ

(10 ലക്ഷം രൂപ – വൌച്ചർ നം. – 22100757തീയതി 05.01.2022

867831 രൂപ, ബിൽ റഫ. നം –101428096 തീയതി 23.03.2022)

ബി) എസ്.എസ്.എ വിഹിതം അടയ്ക്കൽ – 9 ലക്ഷം രൂപ

എസ്.എസ്.എ വിഹിതം അടയ്ക്കൽ എന്ന പ്രോജക്ട് വഴി ആറ് ലക്ഷം രൂപയും ( വികസന ഫണ്ട് ജനറൽ,ബിൽ റഫ. നം –100201581 , തീയതി 14.07.2022 ) എസ്.എസ്.എ വിഹിതം അടയ്ക്കൽ (എസ്.സി) എന്ന പ്രോജക്ട് വഴി മൂന്ന് ലക്ഷം രൂപയും (വികസന ഫണ്ട് എസ്.സി.പി ,ബിൽ റഫ. നം –100201583 , തീയതി 14.07.2022 )സമഗ്ര ശിക്ഷ കേരളയ്ക്ക് തൻവർഷം നൽകിയിട്ടുണ്ട്.എന്നാൽ ഈ ഉയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ആകയാൽ പ്രസ്തുത തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കിയെങ്കിൽ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

സി) കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി – 4.86 ലക്ഷം രൂപ

ചാങ്ങമല കുടിവെള്ള പദ്ധതി- അറ്റകുറ്റപ്പണിയും മോട്ടോർ മാറ്റി വയ്ക്കലും എന്ന പ്രോജക്ടിൽ 486000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പണം ഒടുക്കി 12 മാസങ്ങൾക്ക് ശേഷവും കുടിവെള്ളപദ്ധതിയുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കാത്തത് ജനങ്ങൾക്ക് ചെറുതല്ലാത്ത പ്രയാസം സൃഷ്ടിച്ചിരിക്കാനിടയുണ്ട്. വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് കരാർ

ചമച്ചതായും കാണുന്നില്ല. നിക്ഷേപപ്രവൃത്തി പൂർത്തിയാകാത്ത സാഹചര്യത്തിൽ 486000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ഒരേ ഇനം പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കുകൾ നൽകി- 10551/-രൂപ നഷ്ടം

പ്രോജക്ട് നം.s0159/21
പെരുഉരത്ത്-ആലുംഉരുത്ത് റോഡ് റി -കോൺക്രീറ്റിംഗ്
ബിൽ നം.5/2021-22 തുക 2,98,735/- തീയതി 29-12-2021
മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ Filling Patches 1:3:6 ഉം 120 മീറ്റർ നീളത്തിലും 3മീറ്റർ വീതിയിലും റി കോൺക്രീറ്റിംഗ് (1:2:4)നടത്തുന്നതിനുമായി എസ്റ്റിമേറ്റ് പ്രകാരമുള്ള റേറ്റ് M3 ന് 8604.11/- രൂപ അനുവദിച്ചതായി കണ്ടു. 15 സെന്റിമീറ്ററിലും താഴ്ന്ന കനത്തിൽ റി കോൺക്രീറ്റിംഗ് നടത്തുമ്പോൾ അനുവദനീയമായ നിരക്ക് M3 ന് 8263.75/-രൂപയാണ്.മാത്രമല്ല, തൻവർഷം നടപ്പിലാക്കിയ തിരുമലപടി- പടിഞ്ഞാറേ ആലുനിൽക്കുതിൽപ്പടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയിലും Filling Patches 1:3:6 ഉം 165 മീറ്റർ നീളത്തിലും 3മീറ്റർ വീതിയിലും റി കോൺക്രീറ്റിംഗ് (1:2:4)നടത്തുന്നതിനുമായി എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ച റേറ്റ് M3 ന് 8263.75/- രൂപയാണ്. ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത റേറ്റുകൾ നൽകിയത് ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.24 തീയതി 25-01-2023) മറുപടി, റേറ്റ് വ്യത്യാസം വന്നത് സംബന്ധിച്ച് വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ലഭ്യമാക്കുന്നതാണെന്നാണ്.31.000 Cum അളവിലാണ് പ്രവൃത്തി നടത്തി അധിക നിരക്ക് നൽകിയിട്ടുള്ളത്. മേൽപ്പറഞ്ഞ പ്രകാരം കരാറുകാരന് അധികം അനുവദിച്ച തുക 10551/-രൂപ (31x(8604.11-8263.75))കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-20 പള്ളിപ്പടി-അയ്യപ്പൻകാല പടി റോഡ് റി-ടാറിംഗ്-കരാർ യഥാസമയം ചമച്ചിട്ടില്ല, ഫൈൻ ഈടാക്കിയിട്ടുമില്ല

പ്രോജക്ട് നം.s0025/21
പള്ളിപ്പടി-അയ്യപ്പൻകാല പടി റോഡ് റി-ടാറിംഗ്
കരാറുകാരൻ :-മധുസൂധനൻ പിള്ള
എഗ്രിമെന്റ് നം.A-38/AE/LsGD/VMY/202-21 തീയതി 31-12-2021
എസ്റ്റിമേറ്റ് പി.എ.സി :-3,00,000
ബിൽ നം. 8/2021-22 തുക 296501/-രൂപ തീയതി 30-12-2021
പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക്,മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ, കരാറുകാരൻ യഥാസമയം കരാർ വെച്ചിട്ടില്ലാത്തതും ടിയാനിൽ നിന്ന് ഫൈൻ ഈടാക്കാതെ പ്രവൃത്തിയുടെ ഫൈനൽ ബിൽ മാറി നൽകിയതായും കാണുന്നു. 02-11-2020 ൽ നൽകിയ സെലക്ഷൻ നോട്ടീസ് പ്രകാരം 16-11-2020 നകം കരാർ ഉടമ്പടി വെക്കേണ്ടതും കരാർ വെക്കാത്തപക്ഷം ഒരു ശതമാനം പിഴയോടുകൂടി കരാർ വെക്കുന്നതിന് 10 ദിവസത്തേക്കുകൂടി സാവകാശം നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ പ്രവൃത്തിക്ക് കരാർ വെച്ചിരിക്കുന്നത് 31-12-2020 ലാണെങ്കിലും ഫൈനൽ ബിൽ മാറി നൽകിയതിൽ 1% ഫൈൻ ഈടാക്കിയിട്ടില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയതിന്(നം. 12 തീയതി 25-01-2023) ലഭ്യമാക്കിയ മറുപടിയിൽ ,എഗ്രിമെന്റ് വ്യവസ്ഥയിലെ വിവരങ്ങൾ പ്രകാരം ഫൈൻ ഈടാക്കേണ്ടതായിരുന്നുവെന്നും കരാറുകാരനിൽ നിന്ന് 2965/- രൂപ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്നും 2965/- രൂപ ഫൈൻ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി - ക്വട്ടേഷനില്ലാതെ പ്രവൃത്തിനിർവ്വഹണം, ആദായനികുതി കുറവ് ചെയ്തില്ല

കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണിക്കായി വിഭാവനം ചെയ്ത പ്രോജക്ട് നം.117/22 വഴി ഒരു ലക്ഷം രൂപ അടങ്കൽ വച്ച് മോട്ടർ മാറ്റിസ്ഥാപിക്കൽ അടക്കമുള്ള പ്രവൃത്തികളിലായി 38143 രൂപ (സി.ഫ്.സി ഗ്രാന്റ്) സുരേഷ് കുമാർ.എൽ.കെ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. അടങ്കലിൽ ബാക്കിയുള്ള തുകയ്ക്കുള്ള(61857രൂപ)പ്രവൃത്തി പൂർത്തീകരണത്തിനായി 2022-23 ൽ സ്പിൽ ഓവർ പ്രോജക്റ്റിന് (നം.20) അംഗീകാരവും ലഭ്യമാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് വഴിയുള്ള പ്രവൃത്തി ശ്രീ സുരേഷ് കുമാറിന് നൽകിയത് ക്വട്ടേഷൻ അഥവ ടെൻഡർ ക്ഷണിക്കാതെയും പ്രവൃത്തി സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ആണ്. ടാങ്ക് ക്ലീനിംഗ് -4000 രൂപ, മോട്ടോർ -16106 രൂപ, മറ്റ് അനുബന്ധ സാമിഗ്രികൾ 4037 രൂപ, കൂലി ചെലവ് 14000 രൂപ എന്നിങ്ങനെ ചെലവ് കാണിച്ചുള്ള ശ്രീ. സുരേഷ് , പൂന്തല യുടെ 14.2.22 ലെ കത്തിന്റെ അടിസ്ഥാനത്തിലാണ് പണം നൽകിയത്. എന്തെല്ലാം പ്രവർത്തികൾ ചെയ്തതിനാണ് കൂലിചെലവ് ക്ലെയിം

ചെയ്തിരിക്കുന്നത് എന്നതും വ്യക്തമല്ല. 1HP ശേഷിയുള്ള മോട്ടറിനാണ് 16000 രൂപ നൽകിയിരിക്കുന്നത്. ഇതും ശ്രീ സുരേഷ് നേരിട്ട് വാങ്ങി ഘടിപ്പിച്ചതായികാണിച്ചാണ് പണം അനുവദിച്ചിരിക്കുന്നത്. പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച് മോണിറ്ററിംഗ് നടന്നിട്ടില്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മൂല്യനിർണ്ണയവും നടത്തിയിട്ടില്ല. പണം അനുവദിച്ചപ്പോൾ ആദായനികുതി കുറവ് ചെയ്തില്ല. ഇതുമൂലം 381 രൂപയുടെ നികുതി നഷ്ടം ഉണ്ടായി. പ്രവൃത്തിയുടെ ഫലപ്രാപ്തി ഉറപ്പാക്കാനാകാത്ത സാഹചര്യത്തിലും ക്വട്ടേഷൻ ഒഴിവാക്കിനൽകിയതിനാലും 38143 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (20/27.1.22) രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല. ആദായനികുതിയിനത്തിൽ വന്ന നഷ്ടം നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്. പുതിയ മോട്ടോർ മാറ്റിസ്ഥാപിച്ചപ്പോൾ നിലവിലുണ്ടായിരുന്ന മോട്ടോർ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്തില്ല. ഇത് നിലവിൽ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു.

ഈ പ്രവൃത്തി സംബന്ധിച്ച് പഞ്ചായത്ത് വിശദമായ അന്വേഷണം നടത്തി പഞ്ചായത്തിന്റെ ഉത്തമ താൽപ്പര്യത്തിന് വിഘാതമായിട്ടുണ്ടോ എന്ന് പരിശോധിച്ച് യുക്തനടപടി കൈക്കൊള്ളേണ്ടതാണ്.

## 1-22 കന്നു കുട്ടിപരിപാലനം - പദ്ധതിയുടെ പുരോഗതി ലഭ്യമാക്കിയില്ല

പ്രോജ. നം.15/22, കന്നു കുട്ടിപരിപാലനം

ബിൽ നം.1/22.01.2022

നിർവഹണം - വെറ്റിനറി സർജൻ

40 ഗുണഭോക്താക്കൾക്ക് 12500/- വീതം ആകെ 500000/-രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസർക്ക് കന്നു കുട്ടി പരിപാലന പദ്ധതി നടത്തുന്നതിലേക്കായി നല്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല . പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/27.1.2023) പദ്ധതി പൂർത്തിയായിട്ടില്ലായെന്നും പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി, പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . വിഷയം വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1-23 ലൈഫ് പദ്ധതി- വീടുകളുടെ പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് പദ്ധതി പ്രവർത്തനങ്ങളുടെ ഫയലുകളും രജിസ്റ്ററുകളും പരിശോധന വിധേയമാക്കിയപ്പോൾ താഴെപ്പറയുന്ന വ്യക്തികൾ വീട് പണി പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ജനറൽ

| ക്രമ നമ്പർ | പേരും മേൽ വിലാസവും | വാർഡ് | വകയിരുത്തിയ തുക | ആകെ കൈപ്പറ്റിയ തുക | എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി |
|---|---|---|---|---|---|
| 1 | വിദ്യ മനോജ് വല്ല്യപറമ്പിൽ വെൺമണി | XII | 400000 | 40000 | 28.07.18 |
| 2 | വിജയകുമാരി വാല്യ പുത്തൻവിള പടീറ്റേതിൽ | XI | 400000 | 200000 | 29.07.21 |
| എസ്.സി | | | | | |
| 3 | രാധാകുമാരി മന്നത്ത് പറമ്പിൽ വെൺമണി | V | 400000 | 360000 | 04.01.22 |
| 4 | അമ്പിളി ജൂബിൻ ചേമ്പേത്ത് വെൺമണി | II | 400000 | 360000 | 04.01.22 |

| | | | | | |
|---|---|---|---|---|---|
| 5 | പ്രദീപ് കരീലമാലിയിൽ വെൺമണി | XIII | 400000 | 200000 | 04.01.22 |
| 6 | പ്രമീള ആകാശ് ഭവനം വെൺമണി | XIII | 400000 | 360000 | 13.09.21 |
| 7 | സതീഷ് .കെ.വി വട്ടംപറമ്പിൽ തെക്കേതിൽ വെൺമണി | XIII | 400000 | 40000 | 13.09.21 |
| 8 | രാജൻ. സി.കെ ചരിവു പറമ്പിൽ വെൺമണി | IV | 400000 | 100000 | 13.09.21 |
| 9 | രാജേഷ് കുമാർ.കെ ലക്ഷം വീട് കോളനി | XI | 400000 | 40000 | 04.02.20 |
| 10 | ഗോപാലകൃഷ്ണൻ വാഴയിൽ വടക്കേതിൽ വെൺമണി.പി.ഒ | XIV | 400000 | 360000 | 24.07.20 |
| 11 | ഗോപാലകൃഷ്ണൻ കല്ലുപറമ്പിൽ മേലേതിൽ വെൺമണി | XIV | 400000 | 360000 | 23.09.20 |
| 12 | രാജമ്മ.കെ.കെ | | 400000 | 200000 | 23.09.20 |

ഭവന നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം - പ്രോജക്ട് നടപ്പാക്കിയില്ല

പുന്തല, വെൺമണി ജൂനിയർ ബേസിക് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനായി 2021-22 ൽ 2.5 ലക്ഷം രൂപ പഞ്ചായത്ത് വകയിരുത്തി വെൺമണി ജെ.ബി സ്കൂൾ ഹെഡ്മാസ്റ്ററെ നിർവ്വഹണോദ്യോഗസ്ഥനാക്കി പ്രോജക്ട് വിഭാവനം ചെയ്തെങ്കിലും ഇത് നടപ്പാക്കപ്പെട്ടില്ല ( പ്രോജക്ട് നം 85/22) . വിദ്യാഭ്യാസ അവകാശ നിയമം നിലവിലുള്ള ഈ രാജ്യത്ത് സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന മഹനീയ പദ്ധതിയുമായി മുന്നോട്ട് പോകുമ്പോൾ സ്കൂളിലെത്തുന്ന പ്രൈമറി വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണ വിതരണത്തിനായി പഞ്ചായത്ത് വിഭാവനം ചെയ്ത് ഫണ്ട് വകയിരുത്തിയ പ്രോജക്ട് നടപ്പാക്കാതെ പോകുന്നത് പ്രതിലോമകരമായ നടപടിയാണ്. വിദ്യാർത്ഥികളുടെ ആരോഗ്യം, പഠന മികവുയർത്തൽ എന്നിവ ലാക്കാക്കി പ്രോജക്ട് വിഭാവനം ചെയ്തിട്ടും വെറും രണ്ട് സ്കൂളിൽ മാത്രം നടപ്പാക്കാൻ ലക്ഷ്യമിട്ട ഈ പ്രോജക്ട് പൂർണ്ണമായി അവഗണിക്കപ്പെട്ടു. 2021-22 ൽ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി ആകെ രണ്ട് പ്രോജക്ടുകൾ മാത്രമാണ് വിഭാവനം ചെയ്യപ്പെട്ടത് . ഇവയ്ക്കായി 3.2 ലക്ഷം രൂപ അടങ്കൽ വച്ചതിൽ 42150 രൂപമാത്രമാണ് ആകെ ചെലവ് . ഇത് അടങ്കലിന്റെ 13.17 ശതമാനം മാത്രമാണ് . ഇതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 20/ 27 .01.23) മറുപടിയും ലഭ്യമായില്ല. കൈമാറി കിട്ടിയ സ്ഥാപനത്തിന്റെ തലവൻ എന്ന നിലയിൽ പഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകൾ നിർവ്വഹിക്കുവാൻ ഉത്തരവാദപ്പെട്ട പ്രഥമ അദ്ധ്യാപകൻ വിദ്യാർത്ഥികൾക്കേറെ പ്രയോജനകരമായ പ്രോജക്ടിനോട് പുറംതിരിഞ്ഞ് നിൽക്കുന്ന നടപടി ജനകീയാസൂത്രണം, വികേന്ദ്രീകൃതാസൂത്രണം എന്നിവയുടെ അന്ത:സത്തയെ ചോർത്തിക്കളയുന്നതാണ്. കേരള പഞ്ചായത്ത് രാജ് നിയമം 1994, വകുപ്പ് 176(2), 181(1) എന്നിവ പ്രകാരം പഞ്ചായത്തിന്റെ പ്രവൃത്തി നിർവ്വഹണത്തിനായി ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് നടത്തിപ്പിൽ കാണിക്കുന്ന വിമുഖതയിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും പ്രസിഡന്റും യുക്തനടപടികൾ

സ്വീകരിക്കുന്നതിന് (കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ -1997 അനുശാസിക്കും പ്രകാരമുള്ളത്) ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

### 1-25 ലൈഫ് പദ്ധതി -അവലോകനം

2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും 2021-22വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2021-22 | 1 | 28 | 1 | 18 | 13 | 8 |

2 ) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2021-22 | 2500000 | 2230000 | 2600000 | --- | 2200000 | 9530000 |

### 1-26 തൊഴിലുറപ്പ് പദ്ധതി-ഒരു അവലോകനം

2021-22 സാമ്പത്തിക വർഷത്തെ ആക്ഷൻപ്ലാൻ പ്രകാരം 593 പദ്ധതികൾക്ക് അനുമതി ലഭിച്ചെങ്കിലും 185 സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പടെ 217 പദ്ധതികളാണ് പഞ്ചായത്ത് നടപ്പാക്കിയത്.ഇതിൽ 104 സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പടെ ആകെ 132 പ്രവൃത്തികൾ പൂർത്തീകരിച്ചു.പുതുതായി രജിസ്റ്റർ ചെയ്തവരുൾപ്പടെ ആകെയുള്ള 4034 തൊഴിലാളികളിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം 428 ആണ്. ചെലവിന്റെ വിശദാംശങ്ങൾ പരിശോധിച്ചാൽ ആകെ 316.47ലക്ഷം രൂപ ഈ മേഖലയിൽ ചെലവഴിച്ചതായും ഇതിൽ 292.01ലക്ഷം രൂപ വേതനമിനത്തിലും സാധന സാമഗ്രികളുടെ വിലയിനത്തിൽ 18.62 ലക്ഷം രൂപയും അഡ്മിൻ ചെലവുകൾ 5.85 ലക്ഷം രൂപയുമാണെന്ന് കാണുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റി കോൺക്രീറ്റിംഗിന് അധികനിരക്ക് അനുവദിച്ചു,10551/-രൂപ കരാറുകാരന് അധികം നൽകി

പ്രോജക്ട് നം.S0159/228263.75
പെരുതുരത്ത്-ആലുംതുരുത്ത് റോഡ് റി -കോൺക്രീറ്റിംഗ്
ബിൽ നം.5/2021-22 തുക 2,98,735/- തീയതി 29-12-2021

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ Filling Patches 1:3:6 ഉം 120 മീറ്റർ നീളത്തിലും 3മീറ്റർ വീതിയിലും റി കോൺക്രീറ്റിംഗ് (1:2:4)നടത്തുന്നതിനുമായി എസ്റ്റിമേറ്റ് പ്രകാരമുള്ള റേറ്റ് M3 ന് 8604.11/- രൂപ അനുവദിച്ചതായി കണ്ടു. 15 സെന്റിമീറ്ററിലും താഴ്ന്ന കനത്തിൽ റി കോൺക്രീറ്റിംഗ് നടത്തുമ്പോൾ അനുവദനീയമായ നിരക്ക് M3 ന് 8263.75/-രൂപയാണ്.മാത്രമല്ല, തൻവർഷം നടപ്പിലാക്കിയ തിരുമലപടി- പടിഞ്ഞാറേ ആലുനിൽക്കുതിൽപ്പടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയിലും Filling Patches 1:3:6 ഉം 165 മീറ്റർ നീളത്തിലും 3മീറ്റർ വീതിയിലും റി കോൺക്രീറ്റിംഗ് (1:2:4)നടത്തുന്നതിനുമായി എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ച റേറ്റ് M3 ന് 8263.75/- രൂപയാണ്. ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത റേറ്റുകൾ നൽകിയത് ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം.24 തീയതി 25-012023) മറുപടിയിൽ റേറ്റ് വ്യത്യാസം വന്നത് സംബന്ധിച്ച് വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ലഭ്യമാക്കുന്നതാണെന്നാണ്.31.000 Cum അളവിലാണ് പ്രവൃത്തി നടത്തി അധിക നിരക്ക് നൽകിയിട്ടുള്ളത്. മേൽപ്പറഞ്ഞ പ്രകാരം കരാറുകാരന് അധികം അനുവദിച്ച തുക 10551/-രൂപ (31x(8604.11-8263.75))കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 250000 | സ്കോളർഷിപ്പ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 500000 | നെൽകൃഷി വികസനം | 250650 | 249350 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | പാൽ ഇൻസന്റീവ് | 200000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | കോവിഡ് പ്രതിരോധ പ്രവർത്തനം | 00 | 300000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 800000 | നെൽകൃഷി വികസനം | 500000 | 300000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | പാൽ ഇൻസന്റീവ് | 00 | 200000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1500000 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി | 00 | 1500000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | അഗതിരഹിത കേരളം | 00 | 200000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 450000 | സ്കോളർഷിപ്പ് | 327200 | 122800 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2000000 | വൈദ്യുതി ലൈൻ വ്യാപനം | 1867831 | 132169 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൌച്ചർ നം | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ വ്യാപനം | 00889034/ 5.01.2022<br><br>01428096/ 23.03.2022<br><br>22100757 5.01.2022 | 1065036(വികസന ഫണ്ട് ജനറൽ)<br><br>867831 ജില്ല പഞ്ചായത്ത് വിഹിതം<br><br>പത്ത് ലക്ഷം , ജില്ല | ഇല്ല | 2932867 |

| | | | | | |
|---|---|---|---|---|---|
| | | | പഞ്ചായത്ത് വിഹിതം | | |
| കെ.എസ്.ഇ.ബി | തെരിവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 22100466 29.09.2021 | 1100704 തനത് ഫണ്ട് | 1100704 | ഇല്ല |
| കേരള വാട്ടർ അതോറിറ്റി | ചാങ്ങമല കടിവെള്ള പദ്ധതി പുനരുദ്ധാരണം | 22100788/ 27.1.2022<br>22100792 27.1.2022 | 448000 CFC ഗ്രാന്റ്<br>38000 തനത് ഫണ്ട് | ഇല്ല | 486000 |

ബാലൻസുള്ള തുകകൾ വാർഷിക കണക്കിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല. ഖ 1-2-1 കാണുക

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ ഇനത്തിൽ ഗുണഭോക്തൃസമിതികൾക്ക് തുക നല്കിയിട്ടില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | | ഇല്ല | 8029959 | 1334666 | | 6695293 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2003-04 | 2-3 | 2007-08 | 3-22-1 | എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യ വിതരണം |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74409770 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77925174 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10551 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 43,71,294 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവര

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 10551 | അനിൽകുമാർ അസിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 14284 | ശ്രീ.ഷാജി. കെ.എം എച്ച്.എം |
| 1-18 | 4318867 | സ്നേഹജ ഗ്ലോറി , സെക്രട്ടറി |
| 1-21 | 38143 | സ്നേഹജ ഗ്ലോറി , സെക്രട്ടറി |
| ആകെ | 4371294 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സ്നേഹജ ഗ്ലോറി , സെക്രട്ടറി | സെക്രട്ടറി , വെൺമണി ഗ്രാമ പഞ്ചായത്ത് | വിനോദ് ഭവനം , നിരാവിൽ , പെരിനാട് പി .ഒ . , കൊല്ലം |
| അനിൽകുമാർ അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ നഗരൂർ ഗ്രാമ പഞ്ചായത്ത് | ദീപ കൈലാസ് ഗംഗ നഗർ തിരുവനന്തപുരം കുടപ്പനക്കുന്ന് പി.ഒ |
| ശ്രീ.ഷാജി. കെ.എം എച്ച്.എം | റിട്ടയർ ചെയ്തു | ഷാജി. കെ.എം കൊച്ചുമൂലയിൽ കുന്നംതാനം.പി.ഒ |

| | | |
|---|---|---|
| | | മല്ലപ്പള്ളി<br>പത്തനംതിട്ട ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 To 2005-06 | LFGA5-1832/11 തീയതി, 4/2/2012 |
| 2006-07 | LFAP5-281/11 തീയതി, 20/9/2011 & 30/09/11<br>LFAP5-1482/10 തീയതി, 20/6/11 & 2/7/2011 |
| 2007-08 | LFAP5-282/11 തീയതി, 20/9/11 & 30/09/11 |
| 2008-09 & 2009-10 | LFAP5-861/12 തീയതി, 9/10/12 & 14/12/12 |
| 2010-11 & 2011-12 | LFAP5-493/13 തീയതി, 21/8/13 & 12/11/13 |
| 2012-13 & 2013-14 | LFAP5-143/2015 തീയതി, 25/03/15 & 4/6/15 |
| 2014-15 | KSA-ALP-P5-824/16 തീയതി, 10/04/2017 |
| 2015-16 | KSA-ALP-P5-28/17 തീയതി, 12/1/2017 |
| 2016-17 | KSA-ALP/P5-1376/17 തീയതി, 15/11/2017 |
| 2017-18 | KSA-ALP/P5-144/2019 തീയതി, 07/02/2019 |
| 2018-19 | KSA-ALP/P5-815/2020 തീയതി, 05/02/2021 |
| 2019-20 | KSA-ALP-P-5/840/2021 തീയതി, 28/09/2021 |
| 2020-21 | KSA-ALP-P-5/841/2021 തീയതി, 28/09/2021 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്